ലേബർ കമ്മീഷണറുടെകാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ്
ഓഫീസറുടെ നടപടിക്രമം
(സാന്നിദ്ധ്യം : അബ്ദുൽകലാം.എം)

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനകാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

വായന :
1) 17/08/2019-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്.
2) സ.ഉ (പി) നമ്പർ 07/2016/ധന തീയതി 20/01/2016 ശമ്പള പരിഷ്കരണ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ 21/11/2019-ലെ ഇ1/6987/19 നമ്പർ നടപടി ക്രമം.
4) ഈ കാര്യാലയത്തിലെ 19/11/2020-ലെ ഇ1/3537/20 നമ്പർ ഉത്തരവ്.
5) ഈ കാര്യാലയത്തിലെ 22/11/2019-ലെ ഇ2/17975/2019(1) നമ്പർ നടപടിക്രമം.
6) ഈ കാര്യാലയത്തിലെ 18/12/2020-ലെ ഇ2/5175/2018 നമ്പർ നടപടി ക്രമം.
7) 07/02/2017 തീയതിയിലെ 6-)ം നമ്പർ ഗസറ്റ് വിജ്ഞാപനം.
8) സ.ഉ (പി) നമ്പർ 629/2010/ധന/തീയതി 25/11/2010.

**ഉത്തരവ് നമ്പർ ഇ (2) 15868/2014 തീയതി : 30/01/2021**

വായന (1) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് മാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.അനൂപ് കുമാർ. എസ് വരെയുള്ളവർക്ക് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വായന (2)-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 01/04/2016 തീയതി മുതൽ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ 33% ഹയർ ഗ്രേഡിലേയ്ക്ക് ഉയർത്തി 35700 - 75600 രൂപ ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്.

2. തൊഴിൽ വകുപ്പിന്റെ ആകെയുള്ള 34 ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ ആകെ 11 ജൂനിയർ സൂപ്രണ്ടുമാർക്ക് മേൽ ആനുകൂല്യത്തിന് അർഹതയുണ്ട്. എന്നാൽ വായന (1)-ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച 2 ജൂനിയർ സൂപ്രണ്ട്മാർക്ക് വായന (3), (4) പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനാൽ വകുപ്പിൽ നിലവിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച 9 ജൂനിയർ സൂപ്രണ്ട്മാർ മാത്രമാണ് സേവനമനുഷ്ഠിക്കുന്നത്.

3. മേൽ സാഹചര്യത്തിൽ അർഹരായ രണ്ട് ജൂനിയർ സൂപ്രണ്ട്മാർക്ക് വായന (7)-ലെ സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 35700 - 75600 രൂപ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കും പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന ജൂനിയർ സൂപ്രണ്ടിന്റെ പേര് | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന തീയതി | കുറിപ്പ് |
|---|---|---|---|
| 74. | ശ്രീമതി.സൗമ്യ .എ പെൻ 230986 | 23/11/2019 പൂർവ്വാഹ്നം | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീ.സുധീഷ് കുമാർ, ജൂനിയർ സൂപ്രണ്ടിന് വായന (3) പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാൻ 22/11/2019-ന് വിടുതൽ ചെയ്ത ഒഴിവിൽ ശ്രീമതി.സൗമ്യ. എ, ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |
| 75. | ശ്രീമതി.ജമീല പൂളമണ്ണിൽ പെൻ.230726 | 19/12/2020 പൂർവ്വാഹ്നം | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീമതി.മിനി രവി, ജൂനിയർ സൂപ്രണ്ടിന് വായന (4) പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാരി 18/12/2020-ന് വിടുതൽ ചെയ്ത ഒഴിവിൽ ശ്രീമതി.ജമീല പൂളമണ്ണിൽ, ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |

4. ഈ ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന ജൂനിയർ സൂപ്രണ്ട്മാർക്ക് വായന (8) പ്രകാരം റേഷ്യോ പ്രമോഷന്റെ മുൻകാല സാമ്പത്തിക ആനുകൂല്യം ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തുന്നു. 29/01/2020-ന് മുമ്പുള്ള കാലയളവിന് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കപ്പെട്ട ഈ ജൂനിയർ സൂപ്രണ്ടുമാരുടെ ശമ്പള നിർണ്ണയം നടത്തി നിയന്ത്രണാധികാരികൾ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ് )
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,

(ബന്ധപ്പെട്ടവർക്ക് ഇ-മെയിൽ/വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ് :

1. ലേബർ കമ്മീഷണറുടെ പി.എ
2. അഡീഷണൽ ലേബർ കമ്മീഷണർ(ഐ.ആർ/ഇ/ഡബ്ല്യൂ)
3. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ (കൊല്ലം.എറണാകുളം, കോഴിക്കോട് )
4. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
5. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡ്
8. സെക്രട്ടറി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്
9. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
10. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
11. സീനിയർ സൂപ്രണ്ട് (ഇ)
12. ജൂനിയർ സൂപ്രണ്ട് (ഇ,എ, ഡബ്ല്യൂ, പി, ഐ.ടി സെൽ)
13. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട് (ഇ)

ജെ.സി 30/01/2021